# പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1365

22.03.2013ൽ
മറുപടിക്ക്

## പി.എം.ജി.എസ്.വൈ പ്രകാരം അനുവദിച്ച റോഡുകൾ

ചോദ്യം

ശ്രീ.വർക്കല കഹാർ
ശ്രീ. ഹൈബി ഈഡൻ
ശ്രീ.ഐ.സി. ബാലകൃഷ്ണൻ
ശ്രീ. അൻവർ സാദത്ത്

ഉത്തരം

ശ്രീ.കെ.സി.ജോസഫ്
(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി)

എ) പി.എം.ജി.എസ്.വൈ യിൽ സംസ്ഥാനത്തിന് അനുവദിച്ച റോഡ് നിർമ്മാണം ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്;

എ) പി.എം.ജി.എസ്.വൈ പ്രകാരം അനുമതി ലഭിച്ച് നിരവധി തവണ ടെണ്ടർ നടപടികൾക്ക് വിധേയമാക്കിയിട്ടും കരാർ ഉറപ്പിക്കാൻ കഴിയാത്ത പ്രവർത്തികൾ 2010 ഷെഡ്യൂൾ പ്രകാരം പുതുക്കി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ടി പ്രവർത്തികൾക്കെല്ലാം തന്നെ 2010 ഷെഡ്യൂൾ റേറ്റിൽ നിന്നും 42% ടെണ്ടർ പ്രീമിയം അനുവദിച്ചിട്ടുണ്ട്. കരാറുകാരുമായി നെഗോഷിയേറ്റ് ക്വട്ടേഷൻ പ്രകാരം കരാർ ഉറപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

ബി) പ്രസ്തുത പദ്ധതിയിൽ എത്ര കിലോമീറ്റർ റോഡാണ് അനുവദിച്ചിട്ടുള്ളത് ;

ബി) പി.എം.ജി.എസ്.വൈ പ്രകാരം സംസ്ഥാനത്ത് 2703.63 കി.മി. റോഡാണ് അനുവദിച്ചിട്ടുള്ളത്. കൂടാതെ 2012–2013ൽ ഈ പദ്ധതിപ്രകാരം 720 കി.മീ ദൈർഘ്യം വരുന്ന റോഡുകളുടെ പ്രോജക്ട് സമർപ്പിക്കാനാണ് കേന്ദ്രസർക്കാർ ആവശ്യപ്പെട്ടിട്ടുള്ളത്. കൂടാതെ ഇടുക്കി ജില്ലയിൽ ഇടുക്കി പാക്കേജിൽ ഉൾപ്പെടുത്തി 137.204

കി.മീ ദൈർഘ്യം വരുന്ന 30 റോഡുകളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ മൂലം ദുരിതം അനുഭവിക്കുന്ന പഞ്ചായത്തുകളിൽ സഞ്ചാര സൗകര്യം മെച്ചപ്പെടുത്തുന്നതിന് 25.51 കി.മീ ദൈർഘ്യം വരുന്ന 12 റോഡുകൾ അധികമായി ഏറ്റെടുക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ടും കേന്ദ്രസർക്കാരിന് സമർപ്പിക്കുന്നതാണ്. ഇടുക്കി പാക്കേജ് പ്രകാരമുള്ള റോഡുകൾക്കും എൻഡോസൾഫാൻ പാക്കേജിലെ റോഡുകൾക്കും ഫേസ് എട്ടിൽ അനുവദിച്ച റോഡുകൾക്ക് പുറമെ അധികമായി അനുമതിനൽകുന്നതിന് കേന്ദ്ര ഗ്രാമ വികസന മന്ത്രാലയം തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്

| | | |
|---|---|---|
| സി) ഇതിന്റെ പദ്ധതി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ;<br>ഡി) പ്രസ്തുത പദ്ധതി റിപ്പോർട്ട് എന്നാണ് കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം? | സിയും ഡിയും | കേന്ദ്രസർക്കാരിൽ സമർപ്പിക്കേണ്ട റോഡ് പ്രവർത്തികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് (DPR) തയ്യാറാക്കി നാഷണൽ റൂറൽ റോഡ് ഡവലപ്പ്മെന്റ് ഏജൻസിയിൽ സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ അംഗീകാരം നൽകുന്നതിനുള്ള കേന്ദ്രസർക്കാരിന്റെ എംപവേർഡ് കമ്മിറ്റി മീറ്റിംഗ് 26/3/2013 ന് നിശ്ചയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ